KCF
KERALA CATHOLIC FEDERTATION

Laity Movement of
Kerala Catholic Bishop Conference (KCBC)
A State Level Federation of :
All Kerala Catholic Congress
Kerala Latin Catholic Association &
Malankara Catholic Association

Chairman : Bishop Dr. Joshua Mar Ignathios, Vice Chairmen : Bishop Dr. Sebastian Adayanthrath, Bishop : Dr. Joseph Karikkassery

| Spiritual Advisor | President | General Secretary | Treasurer |
|---|---|---|---|
| Fr. Varghese Vallikattu | P.K. Joseph | Adv. Varghese Koyikara | Adv. Justin Karippat |
| POC Palarivattom | Melakutt House | Koyikara House | Judges Avenue, Kaloor |
| Cochin 682 025 | Nannuvakkadu, | Kanjoor P.O. 683 575 | Cochin -17 |
| Ph: 9447073371 | Pathanamthitta - 689 645 | Ph: 9447915450 | Ph: 9447607350 |
| | Ph: 9946463662 | | |

Central Office : POC Palarivattom, Cochin - 25, Email: keralacatholicfederation17@gmail.com, www.keralacatholicfederation.in

VICE PRESIDENTS
1. Davis Thulavathu
Kallettumkara
Ph: 9387549060
2. Mary Kurian
Thrikkakara, Cochin
Ph: 9446037250
3. Prasheela Emmanuel Babu
Pallipuram, Palliport
Ph: 9744421230

SECRETARIES
1. Dr. Mary Regeena
Ollukara, Thrissur
Ph: 9446130239
2. Saji John
Paickattethu,
Komalloor P.O.
Alappuzha 690 505
Ph: 9446463238
3. Babu Athipozhiyil
Arattuvazhy
Alapuzha - 7
Ph: 9961973566

All Kerala Press Release 17.11.2018

## പ്രസ് റിലീസ്

കൊച്ചി: ഭാരത്തിലെ വിവിധ മതസമൂഹങ്ങൾ നൂറ്റാണ്ടുകളായി പാരമ്പര്യമായി അനുഷ്ഠിച്ചുവരുന്ന വിവിധ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വിശ്വാസങ്ങളിലും കടന്നു കയറി ആചാര-വിശ്വാസങ്ങൾക്ക് ക്ഷതമേല്പിക്കുവാനും, ഈശ്വരവിശ്വാസികളെ വ്രണപ്പെടുത്തുവാനും, കഴിഞ്ഞ കുറച്ചുനാളുകളായി കേന്ദ്ര-സംസ്ഥാനസർക്കാരുകളും, കേന്ദ്ര വനിത കമ്മീഷനും മറ്റു കമ്മീഷനുകളും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകളും, വിവിധ ഭരണഘടനസ്ഥാപനങ്ങളും ശ്രമിച്ച് വരുന്നതായി കേരള കാത്തലിക് ഫെഡറേഷൻ (കെ.സി.എഫ്) വിലയിരുത്തുന്നു. വിവിധ മതസമൂഹങ്ങളുടെ ആചാര-അനുഷ്ഠാന-വിശ്വാസങ്ങളിൽ കടന്നുകയറി ഈശ്വരവിശ്വാസികളെ വ്രണപ്പെടുത്തുന്ന നടപടികളിൽ നിന്നും വിവിധഭരണഘടനസ്ഥാപനങ്ങൾ പിൻതിരിയണമെന്ന് പിഒസിയിൽ കൂടിയ കെസിഎഫ് സംസ്ഥാന ജനറൽ അസംബ്ലി ആവശ്യപ്പെട്ടു.

ഇന്ത്യ ഒരു മതേതരരാഷ്ട്രമാണ്. ഇന്ത്യൻ ഭരണഘടനയുടെ 25 മുതൽ 28 വരെ ആർട്ടിക്കിളുകൾ ഇന്ത്യയിലെ വിവിധ മതസമൂഹങ്ങളുടെ ആരാധന-പ്രവർത്തന സ്വാതന്ത്ര്യത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നുണ്ട്. മറ്റുള്ളവർക്ക് അസഹിഷ്ണുതയ്ക്ക് കാരണമാകാത്ത മതങ്ങളുടെ ഒരു ആചാരവും, ഒരു പ്രവർത്തിയും ഭരണഘടന വിരുദ്ധമല്ല. ഇന്ത്യൻ ഭരണഘടനയുടെ മൂല്യങ്ങളെയും, ലക്ഷ്യങ്ങളെയും തകർക്കുന്ന മതപരമായ പ്രവർത്തനങ്ങളെ ഭരണഘടന ലംഘനമായി കണക്കാക്കി നിരോധിക്കാവുന്നതാണ്. എന്നാൽ 2000വർഷം പാരമ്പര്യമുള്ള കുമ്പസാരം ക്രൈസ്തവത്തെ ധർമ്മവും അവകാശവും അനുഷ്ഠാനവുമാണ്. അതു നിരോധിക്കണമെന്നോ, സ്ത്രീകൾ കുമ്പസാരിക്കരുത് എന്ന് പറയുവാനോ ഒരു ഭരണഘടന സ്ഥാപനത്തിനോ, സർക്കാരിനോ അവകാശമില്ല. കുമ്പസാരത്തെ അവഹേളിച്ചും, വനിതകൾ കുമ്പസാരിക്കരുത് എന്ന് പറഞ്ഞും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖപ്രസംഗം എഴുതിയ പത്രാധിപർ പരസ്യമായി മാപ്പ് പറഞ്ഞ് ഓഗസ്റ്റ് മാസം വിജ്ഞാനകൈരളി പിൻവലിക്കണമെന്ന് കെസിഎഫ് ആവശ്യപ്പെട്ടു. ഏത് മതസമൂഹമായാലും, ആ മതത്തിന്റെ ആചാരങ്ങളും, അനുഷ്ഠാനങ്ങളും നിർത്തലാക്കുവാനും, തടയുവാനും സർക്കാരും ഭരണഘടന സ്ഥാപനങ്ങളും തയ്യാറാകരുതെന്ന് കെസിഎഫ് ജനറൽ അസംബ്ലി ആവശ്യപ്പെട്ടു.

കെസ്എഫ് സംസ്ഥാന പ്രസിഡന്റ് ശ്രീ. പി.കെ. ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ കെസിഎഫ് 22-ാം വാർഷിക പൊതുയോഗം അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. ജോഷ്വാ മാർ ഇഗ് നാത്തിയോസ് ഉദ്ഘാടനം ചെയ്തു. യോഗത്തിൽ അഡ്വ. വർഗീസ് കോയിക്കര, അഡ്വ. ജസ്റ്റീൻ കരിപ്പാട്ട്, ഷാജി ജോർജ്, മേരി കുര്യൻ, രാജു ഈരശ്ശേരിൽ, പി.ജെ. പാപ്പച്ചൻ, എജി പറപ്പാട്ട്, ഹെർമൻ അലോഷ്യസ്, ബാബു കല്ലുങ്കൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന സഭ ചരിത്ര പഠനസെമിനാറിൽ ഫാ. ജോളി വടക്കൻ, പീറ്റർ സി. എബ്രാഹം മൈലപ്ര എന്നിവർ സംസാരിച്ചു. ശ്രീ ജേക്കബ് എം അബ്രാഹം മോഡറേറ്ററായിരുന്നു.

**അഡ്വ. വർഗീസ് കോയിക്കര**
ജനറൽ സെക്രട്ടറി, കെ.സി.എഫ്.

ഫോട്ടോ മാറ്റർ: കെസിഎഫ് 22-ാം വാർഷിക പൊതുയോഗം അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്യുന്നു. പ്രൊഫ. ജേക്കബ് എം അബ്രാഹം, പി.കെ. ജോസഫ്, രാജു ഈരശ്ശേരിൽ, മേരി കുര്യൻ, അഡ്വ. ജസ്റ്റീൻ കരിപ്പാട്ട്, അഡ്വ. വർഗീസ് കോയിക്കര എന്നിവർ സമീപം.